കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന കൗൺസിൽ രൂപീകരിച്ച് ഉത്തരവാകുന്നു

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ) നം.16/2013/തസ്വഭവ                തിരുവനന്തപുരം, തീയതി, 16/01/2013

---

പരാമർശം:- (1) 13/09/2010 ലെ സ.ഉ.(കൈ) നം.210/2010/തസ്വഭവ

(2) 03/11/2010 ലെ സ.ഉ.(കൈ) നം.252/2010/തസ്വഭവ

(3) 29/03/2012 ലെ സ.ഉ.(കൈ) നം.80/2012/തസ്വഭവ

## ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ മാതൃകയിൽ നഗര പ്രദേശത്ത് കായികാദ്ധ്വാനത്തിന് തയ്യാറുള്ളവർക്ക് തൊഴിൽ ഉറപ്പാക്കിക്കൊണ്ടുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം ഈ പദ്ധതിയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2012 ഏപ്രിൽ മുതൽ ഈ പദ്ധതിയുടെ നടത്തിപ്പുചുമതല മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മിഷൻ ഡയറക്ടറിൽ നിന്നും നഗരകാര്യ ഡയറക്ടർക്ക് കൈമാറി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

(2) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുമ്പോൾ വരുന്ന ചെലവ് ഇതിനായി നീക്കിവച്ചിട്ടുള്ള 5 കോടി രൂപയിൽ ചുരുക്കേണ്ടതാണെന്നും, അപ്രകാരം ചെയ്യുമ്പോൾ പദ്ധതി തുടങ്ങിവച്ചിട്ടുള്ള നഗരങ്ങൾക്ക് മുൻഗണന നൽകണമെന്നുമുള്ള ഉപാധികളോടെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി താഴെപറയുന്ന ഘടനയോടുകൂടി അയ്യങ്കാളി നഗര തൊഴിലുറപ്പു സംസ്ഥാന കൗൺസിൽ രൂപീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

| | | |
|---|---|---|
| 1. | നഗരകാര്യ വകുപ്പ് മന്ത്രി | (ചെയർമാൻ) |
| 2. | പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് | (വൈസ് ചെയർമാൻ) |
| 3. | സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് | (അംഗം) |
| 4. | ആസൂത്രണ വകുപ്പ് സെക്രട്ടറി | ( “ ) |
| 5. | ധനകാര്യ വകുപ്പ് സെക്രട്ടറി | ( “ ) |
| 6. | ചെയർമാൻ & സെക്രട്ടറി, മേയേഴ്സ് ചേമ്പർ | ( “ ) |
| 7. | ചെയർമാൻ & സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻ ചേമ്പർ | ( “ ) |
| 8. | നഗരകാര്യ ഡയറക്ടർ | (കൺവീനർ) |
| 9. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, മിഷൻ ഡയറക്ടർ | (അംഗം) |

10. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (അംഗം)
11. എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.എസ്.യു.ഡി.പി ( " )
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ( " )
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ ( " )
14. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മറ്റു പ്രതിനിധികൾ ( " )

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
**വി.എസ്.സെന്തിൽ**
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
5. എല്ലാ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും.
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻ/ സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖേന)
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
9. പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി, തിരുവനന്തപുരം
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. എല്ലാ പ്രോജക്റ്റ് ഡയറക്ടർ/ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
12. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
14. അക്കൗണ്ടന്റ് ജനറൽ (എ & ഇ.), കേരള, തിരുവനന്തപുരം.
15. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ